(എഫ്) നെൽവയലുകൾ തരിശിടുന്നതും നികത്തുന്നതും തടയാൻ കർശന നടപടി സ്വീകരിക്കുമോ ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) : സർ,

(എ) ഗ്രൂപ്പ് ഫാമിംഗിന്റെ പുനരാവിഷ്ക്കരണം, സീഡ് അതോറിറ്റി രൂപീകരണവും അതിലൂടെ വിത്തുല്പാദനവും വിതരണവും, സംയോജിത നെൽക്കൃഷി വികസനം, വൈദ്യുതി സൗജന്യം, വർദ്ധിപ്പിച്ച ഉൽപാദന ബോണസ്സ് അതിന് പുറമേ ഹെക്ടറിന് 750 രൂപ വീതമുള്ള ഇൻസെന്റീവ്, കൃഷി വ്യാപിപ്പിക്കുന്നതിന് ഹെക്ടറിന് 1000 രൂപ വീതമുള്ള പ്രത്യേക ഇൻസെന്റീവ്, ബസുമതി കൃഷിയുടെ വ്യാപനം, സംയോജിത കീട നിയന്ത്രണം, ചെറുകിട യന്ത്രവൽക്കരണം, നെല്ലു സംഭരണം. റൈസ് മില്ല് സ്ഥാപിക്കൽ, പാഡി ബോർഡ് രൂപീകരണം തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

(ബി) ഉണ്ട്. ഒരു സർവകാല റിക്കാർഡ് ഈ രംഗത്തുണ്ടായി എന്ന് കണക്കാക്കുന്നു.

(സി) ശുപാർശകൾ സർക്കാർ പരിശോധിച്ചു വരുന്നു.

(ഡി) 11 ഏജൻസികൾ.

(ഇ) ഉണ്ട്.

(എഫ്) കർശന നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

മി. സ്പീക്കർ : ചോദ്യം നമ്പർ *69 ഇതിനോടൊപ്പം ക്ലബ്ബ് ചെയ്യാവുന്നതാണ്.

**ബസുമതി നെൽക്കൃഷി**

2 (*69) ശ്രീ. ജോസ് ബേബി :
ശ്രീ. സത്യൻ മൊകേരി :
ശ്രീ. യു. എസ്. ശശി :
ശ്രീ. കെ. പി. രാജേന്ദ്രൻ :
ശ്രീ. പി. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ബസുമതി നെൽക്കൃഷി ആരംഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്ര ഹെക്ടർ സ്ഥലത്ത് കൃഷി ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) ഈ വിത്തിനം കൃഷിചെയ്യുന്നതിന് എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കിയെന്നും കർഷകന് എന്തെല്ലാം ആനുകൂല്യങ്ങൾ നൽകുന്നുണ്ടെന്നും വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) : സർ,

(എ) ഉണ്ട്.

(ബി) പാലക്കാട്, വയനാട്, തൃശ്ശൂർ, ആലപ്പുഴ, പത്തനംതിട്ട, കൊല്ലം ജില്ലകളിലെ തെരഞ്ഞെടുത്ത പാടശേഖരങ്ങളിൽ 1000 ഹെക്ടർ സ്ഥലത്ത് ബസുമതി കൃഷി ആരംഭിച്ചിട്ടുണ്ട്.

(സി) ബസുമതി നെൽക്കൃഷി വ്യാപിപ്പിക്കുന്നതിനായി 28-10-2000-ൽ ജി.ഒ.(ആർ.റ്റി)1847/2000/ കൃഷി നമ്പർ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. താഴെപ്പറയുന്ന ആനുകൂല്യങ്ങൾ കർഷകർക്ക് നൽകുന്നു. ഇതിനായി 29.98 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പൊതുവായി ബസുമതി നെൽക്കൃഷിക്കായി കർഷകർക്ക് വിത്ത്, ഉൽപാദനോപാധികൾ, നെല്ല് സംഭരണം തുടങ്ങിയവയ്ക്കായി ഹെക്ടറൊന്നിന് 2100 രൂപയുടെ സഹായം ലഭ്യമാക്കും. കൂടാതെ കർഷകരുടെ പങ്കാളിത്തത്തോടെ പ്രദേശങ്ങൾക്ക് അനുയോജ്യമായ വിത്തിനങ്ങളും കൃഷിരീതികളും പരീക്ഷിച്ച് ഉറപ്പുവരുത്തുന്നതിന് സാങ്കേതിക വികസന പദ്ധതിപ്രകാരം ബസുമതി നെൽക്കൃഷി ചെയ്യുന്ന കർഷകർക്ക് പ്രത്യേക സഹായമെന്ന നിലയിൽ ഹെക്ടറൊന്നിന് 4150 രൂപയുടെ സഹായം നൽകും. നെല്ല് സംഭരണ പ്രോത്സാഹനമായി ക്വിന്റൽ ഒന്നിന് 40 രൂപയും (കർഷകർ നേരിട്ട് സംഭരണ ഏജൻസിയെ ഏൽപ്പിച്ചാൽ) നൽകും.

ശ്രീ. പി. കെ. കുമാരൻ : സർ, നെൽക്കൃഷി വികസന പദ്ധതിയിൽ ബഹുമാനപ്പെട്ട മന്ത്രി നൽകിയ വിശദീകരണത്തിൽ നെൽവയൽ തരിശിടുന്നതും നികത്തുന്നതും തടയുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് സൂചിപ്പിച്ചു. കേരളത്തിലെ നെൽക്കൃഷിയെ ബാധിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രതിബന്ധം എന്നത് നെൽവയലുകൾ തരിശിടുക, അത് നികത്തുക, കുഴിക്കുക എന്നിവയാണ്. ഇതുകാരണം നെൽക്കൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം കുറഞ്ഞു വരികയാണ്. ഇത് നിയന്ത്രിക്കുന്നതിനും തടയുന്നതിനും ആവശ്യമായ നിയമ നടപടികൾ സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ ; അതിനാവശ്യമായ നിയമനിർമ്മാണം നടത്താൻ ഗവൺമെന്റ് മുമ്പോട്ട് വരുമോ ; അതേക്കുറിച്ച് വിശദീകരിക്കുമോ ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : സർ, ഇതിൽ ഒരു നിയമനിർമ്മാണത്തിന്റെ ആവശ്യമുണ്ടെന്ന് ഗവൺമെന്റിന് തോന്നുന്നില്ല. സെൻട്രൽ ആക്ട്‌ന്റെ ഭാഗമായി 1967-ൽ സംസ്ഥാന ഗവൺമെന്റ് പുറപ്പെടുവിച്ചിട്ടുള്ള ഒരു ഉത്തരവ് കേരളത്തിൽ ഇപ്പോൾ നിലനിൽക്കുന്നുണ്ട്. അത് സംബന്ധിച്ച പ്രവർത്തനങ്ങൾ പരിശോധിക്കുന്നതിനുവേണ്ടി എല്ലാ ജില്ലകളിലും കളക്ടർമാരേയും ആർ.ഡി.ഒ.മാരേയും ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇവയെ എല്ലാറ്റിനേയും ഒരു പോലെ കാണാൻ സാധിക്കില്ല. ഏറ്റവും കൂടുതൽ നെൽവയലുകൾ നികത്തിയിട്ടുള്ളത് പാലക്കാട്, എറണാകുളം, മലപ്പുറം ജില്ലകളിലാണ്. തൃശ്ശൂരിലും ഉണ്ട്. തൃശ്ശൂരിൽ 1991-96 കാലഘട്ടത്തിൽ വ്യാപകമായ രീതിയിൽ നെൽപ്പാടങ്ങൾ നികത്തിയിട്ടുണ്ട്. പാലക്കാട് വ്യാവസായിക ആവശ്യത്തിനുള്ള

LIBRARY ARCHIVES Kerala Legislative Assembly

അടിസ്ഥാന സൗകര്യങ്ങൾ വികസപ്പിക്കുന്നതിന്റെ ഭാഗമായിട്ടാണ് നെൽവയലുകൾ നികത്തിയിട്ടുള്ളത്. മലപ്പുറത്തും ആ രീതിയിലാണ്. എറണാകുളത്ത് ഇന്റർനാഷണൽ എയർപ്പോർട്ട് സ്ഥാപിക്കുന്നതിനും മറ്റ് ആവശ്യങ്ങൾക്കും വേണ്ടിയാണ് നെൽപ്പാടങ്ങൾ നികത്തിയിട്ടുള്ളത്. അതുകൊണ്ട് വ്യാവസായിക ആവശ്യത്തിനും ഒരുഭാഗത്ത് ഇന്റർനാഷണൽ എയർപോർട്ട് സ്ഥാപിക്കുന്നതിനും വേണ്ടിയാണ് നികത്തിയിട്ടുള്ളത്. നമ്മുടെ സംസ്ഥാനത്ത് ഓടു വ്യവസായത്തിനുവേണ്ടി മുൻകാലങ്ങളിൽ ഒരു നിയന്ത്രണവുമില്ലാത്ത രീതിയിലാണ് നെൽപ്പാടങ്ങൾ കുഴിച്ചിട്ടുള്ളത്. ഇഷ്ടിക നിർമ്മാണത്തിനും ഓട് നിർമ്മാണത്തിനും വേണ്ടി അശാസ്ത്രീയമായ രീതിയിലാണ് നെൽപ്പാടങ്ങൾ കുഴിച്ചിട്ടുള്ളത്. ഓട് വ്യവസായം ഇല്ലാതെയാക്കാൻ കഴിയില്ല. അതുമായി ബന്ധപ്പെട്ട് പതിനായിരക്കണക്കിന് തൊഴിലാളികളുണ്ട്. ഇഷ്ടിക നിർമ്മാണവുമായി ബന്ധപ്പെട്ട തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നത് പതിനായിരക്കണക്കിന് തൊഴിലാളികളാണ്. അവരുടെ തൊഴിൽ ഇല്ലാതെയാക്കാൻ കഴിയില്ല. ഇഷ്ടികയും ഓടും കേരളത്തിലെ ജനങ്ങൾക്ക് ആവശ്യമാണ്. അതുകൊണ്ട് ഇക്കാര്യത്തിൽ ശാസ്ത്രീയമായ ഒരു സമീപനം സ്വീകരിക്കണം. ഓട് വ്യവസായത്തിനുവേണ്ടി മണ്ണെടുക്കുന്ന സ്ഥലങ്ങൾ മുൻകൂട്ടി മാർക്ക് ചെയ്ത് ആ പ്രദേശത്ത് നിന്ന് മണ്ണെടുക്കാൻ അപേക്ഷ സ്വീകരിച്ചിരിക്കണം അഞ്ചടിയിൽ കൂടുതൽ ആഴത്തിൽ മണ്ണെടുക്കരുത്, മണ്ണെടുത്തുകഴിഞ്ഞാലും വീണ്ടും കൃഷി ചെയ്യാൻ കഴിയുന്ന വിധത്തിൽ കുഴി നികത്തണം. ഇഷ്ടികകളങ്ങൾക്കുവേണ്ടി മണ്ണെടുക്കുന്ന സ്ഥലത്ത് സ്വീകരിക്കേണ്ട മാനദണ്ഡങ്ങളുണ്ട്. ഈ രണ്ട് കാര്യങ്ങളും ശാസ്ത്രീയമായി നടപ്പാക്കുന്നതിനുവേണ്ടി ഗവൺമെന്റ് കർക്കശമായ നിലപാട് സ്വീകരിക്കുന്നുണ്ട്.

ശ്രീ. പി. കെ. കുമാരൻ : സർ, ബസുമതി കൃഷി കേരളത്തിൽ പരീക്ഷണാടിസ്ഥാനത്തിൽ ആരംഭിക്കുകയും അത് വിജയകരമായി എന്നതിന്റെ അടിസ്ഥാനത്തിൽ ആയിരം ഹെക്ടർ പാടശേഖരങ്ങളിൽ ബസുമതി കൃഷി നടത്തുന്നതിനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. അത് കൃഷിക്കാർ ആവേശപൂർവ്വം ഏറ്റെടുക്കുന്ന സ്ഥിതി ഞങ്ങളുടെയൊക്കെ പ്രദേശത്ത് ഉണ്ടായിട്ടുണ്ട്. കർഷകർ നേരിടുന്ന ബുദ്ധിമുട്ടുകളുമുണ്ട്. ബസുമതി നെൽകുത്തി അരിയാക്കുന്നതിനുള്ള സംവിധാനം, അതിന് മാർക്കറ്റ് കണ്ടുപിടിക്കുന്നതിനുള്ള ബുദ്ധിമുട്ട് ഒക്കെ അനുഭവപ്പെടുന്നുണ്ട്. അതിനുവേണ്ടിയാണ് ഗവൺമെന്റ് ഫാമിംഗ് കോർപ്പറേഷനെ ചുമതലപ്പെടുത്തി നെൽ വാങ്ങുന്നതിനുള്ള തീരുമാനമെടുക്കുകയും അതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തത്. ഫാമിംഗ് കോർപ്പറേഷൻ നടപടി സ്വീകരിക്കുകയും ചെയ്തു. എന്നാൽ നെല്ലിന് ന്യായമായ വില കിട്ടുന്നില്ല. നെല്ല് കൊണ്ടു ചെല്ലുമ്പോൾ ഉണക്കിന്റേയും പതിരിന്റേയും ഒക്കെ കാര്യം പറഞ്ഞ് പത്ത് ശതമാനം വില കുട്ട് ചെയ്യുന്നു. വില വളരെ കുറച്ചാണ് കിട്ടുന്നത്. ഒരു കിലോ ഗ്രാമിന് 17 രൂപയേ കിട്ടുന്നുള്ളു. അത് മാറ്റുന്നതിനാവശ്യമായ നടപടി ഗവൺമെന്റ് അടിയന്തിരമായി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : സർ, ബസുമതി ആദ്യമായി പരീക്ഷണാടിസ്ഥാനത്തിൽ കൃഷി ചെയ്തത് ബഹുമാനപ്പെട്ട അംഗത്തിന്റെ മണ്ഡലത്തിലാണ്. അത് വളരെ വിജയകരമായിരുന്നു. വിരിപ്പിനാണ് കൃഷി ചെയ്തത്. ഒരു ഹെക്ടറിന് 3 ടൺ ലഭിച്ചു. 2,100 രൂപ ഒരു ഹെക്ടറിന് സബ്സിഡി ആയിട്ട് നൽകുന്നുണ്ട്. അതിന് പുറമേ കിലോഗ്രാമിന് 17 രൂപ വച്ച് സ്റ്റേറ്റ്ഫാമിംഗ് കോർപ്പറേഷൻ വാങ്ങും. വാങ്ങിയ നെൽ അരിയാക്കുന്നതിന് പുതിയ യന്ത്രവൽക്കൃത റൈസ് മിൽ അവരുടെ കൈവശമുണ്ട്. അതുകൊണ്ട് അരിയാക്കി കഴിഞ്ഞാൽ മാർക്കറ്റ് ചെയ്യുന്നതിന് ഒരു വിഷമവുമില്ല. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ മറ്റൊരു കാര്യമുണ്ട്. നെല്ലിൽ ജലാംശം പാടില്ല. ഇതിൽ നിയമ വിരുദ്ധമായി അവർ എന്തെങ്കിലും ചെയ്യുന്നുണ്ടോയെന്നു പരിശോധിക്കാം ; അതിൽ നടപടി സ്വീകരിക്കാൻ തയ്യാറാണ്.

ശ്രീ. പി. രാഘവൻ : സർ, നെൽക്കൃഷി വികസനത്തിന് 11 ഏജൻസികൾ പ്രവർത്തിക്കുന്നുണ്ടെന്ന് പറഞ്ഞു. ഈ ഏജൻസികൾ പ്രവർത്തിക്കുന്ന സ്ഥലത്തെ ഉൽപാദനക്ഷമതയും അതില്ലാത്ത സ്ഥലങ്ങളിലെ ഉൽപാദനക്ഷമതയും തമ്മിലുള്ള വ്യത്യാസം പറയാമോ ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : സർ, നെൽക്കൃഷി വികസന ഏജൻസികൾ പ്രവർത്തിക്കുന്ന പ്രദേശങ്ങളിൽ 171548 ഹെക്ടർ സ്ഥലത്തെ നെൽക്കൃഷി ആ ഏജൻസിയുടെ പരിധിയിൽ വരുന്നുണ്ട്. അവിടെ നിന്ന് ശരാശരി 3378 കിലോഗ്രാം അരി ലഭിക്കുന്നുണ്ട്. എന്നാൽ മറ്റ് പ്രദേശങ്ങളിൽ നിന്നായിട്ട് പരമാവധി നമുക്ക് ലഭിച്ചുവരുന്നത് 2203 കിലോഗ്രാം അരിയാണ്. ഈ വ്യത്യാസം ഗവൺമെന്റ് പരിശോധിച്ച് ഏജൻസിക്ക് പുറത്തുള്ള പ്രദേശങ്ങളിൽ പ്രധാനമായും അത്യുൽപാദന ശേഷിയുള്ള വിത്തിനങ്ങൾ കൃഷി ചെയ്യാൻ അവർ തയ്യാറാകുന്നില്ല. വീട്ടാവശ്യത്തിനുവേണ്ടിയുള്ള അരിക്കുവേണ്ടി പഴയ വിത്തിനങ്ങളാണ് കൃഷി ചെയ്യുന്നത്. ആ പ്രദേശങ്ങളിലൊക്കെ അത്യുൽപാദന ശേഷിയുള്ള വിത്തിനങ്ങൾ കൃഷി ചെയ്യുന്നതിന് കൃഷിക്കാരെ ബോധവാന്മാരാക്കുന്നതിനും ക്രിയാത്മകമായ പ്രവർത്തനം നടത്തുന്നതിനും അവിടത്തെ നെൽപ്പാടങ്ങളിൽ അടിസ്ഥാനപരമായ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുവേണ്ടി ഗവൺമെന്റ് നടപടി സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. പി. രാഘവൻ : ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം നെൽക്കൃഷി വികസിപ്പിക്കുന്നതിന് കേന്ദ്രഗവൺമെന്റിന്റെ സഹായത്തിനുവേണ്ടി വല്ല ശ്രമവും നടത്തിയിട്ടുണ്ടോ ? ഉണ്ടെങ്കിൽ വല്ല സഹായവും ലഭിച്ചിട്ടുണ്ടോ ? അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : നെൽക്കൃഷി സ്റ്റേറ്റ് സബ്ജക്ടായിട്ടാണ് കേന്ദ്രഗവൺമെന്റ് നാളിതുവരെ പാലിച്ചു പോന്നിട്ടുള്ളത്. അതുകൊണ്ട് നെൽക്കൃഷിക്ക് കേന്ദ്ര ഗവൺമെന്റ് സഹായം നൽകേണ്ടതില്ല എന്നുള്ള സമീപനമാണ് അവർക്കുള്ളത്. നമ്മുടെ മിനി കിറ്റ് പ്രോഗ്രാമിൽ ഉൾപ്പെടുത്തിക്കൊണ്ട് ഒരു കോടി രൂപ വീതമാണ് ഓരോ വർഷവും കേന്ദ്ര ഗവൺമെന്റ് നമുക്ക് നൽകി വന്നിരുന്നത്. ഈ ഗവൺമെന്റ് വന്നതിന് ശേഷം നടത്തിയ നിരന്തര ശ്രമങ്ങളുടെ ഫലമായി ഈ സാമ്പത്തിക വർഷം നെൽക്കൃഷി വികസനത്തിനുവേണ്ടി 14 കോടി രൂപ കേന്ദ്ര ഗവൺമെന്റ് നമുക്ക് തന്നിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി എൻ. കെ. രാധ : നെൽക്കൃഷി വികസനത്തിന് സൗജന്യ നിരക്കിൽ വൈദ്യുതി നൽകണമെന്നുള്ള പദ്ധതി ഉണ്ടെങ്കിലും ചില സ്ഥലങ്ങളിൽ വൈദ്യുതി ലഭ്യമാകുന്നില്ല എന്നുള്ള പരാതി ഉയർന്നു വന്നിട്ടുണ്ട്. ഇത് സംബന്ധിച്ചുള്ള അവ്യക്തതകൾ നീക്കാനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : കൃഷിഭവനുകളിൽ അപേക്ഷിച്ചിട്ടുള്ള നെൽക്കർഷകർക്ക് വൈദ്യുതി ലഭ്യമാക്കുന്നതിന് ഒരു പ്രശ്നവുമില്ല. എന്നാൽ അപേക്ഷിക്കാതെ വൈദ്യുതി സൗജന്യമായി ഉപയോഗിച്ചു വന്നിട്ടുള്ള നെൽക്കർഷകരുണ്ട്. അവർക്ക് വീണ്ടും അപേക്ഷിക്കാനുള്ള അവസരം ഈ കഴിഞ്ഞ ജനുവരി 31 വരെ കൊടുത്തിരുന്നു. അവരിൽ പലരും അപേക്ഷിച്ചിട്ടുണ്ട്. അവർക്ക് ഇനിയങ്ങോട്ട് വൈദ്യുതി ചാർജ് കൊടുക്കേണ്ടതില്ല. ഇതല്ലാതെ വേറെ എവിടെയെങ്കിലും പ്രത്യേക കേസ് ഉള്ളതായിട്ട് ബഹുമാനപ്പെട്ട അംഗം പറഞ്ഞാൽ തീർച്ചയായിട്ടും ഗവൺമെന്റ് അത് പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീമതി എൻ. കെ. രാധ : നെൽക്കൃഷിയിടം നികത്തി പുരയിടം നിർമ്മിക്കുന്നതിനെതിരേയും കൃഷിയിടങ്ങൾ മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിനെതിരേയും ഈ സർക്കാർ വന്നതിനുശേഷം എത്ര കേസ്സുകൾ എടുത്തിട്ടുണ്ടെന്നു വ്യക്തമാക്കാമോ ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : അതിന് നോട്ടീസ് വേണം സർ. കുടുംബസ്വത്ത് ഭാഗിച്ച് കിട്ടിയിട്ടുള്ള കൃഷിക്കാരിൽ കരക്കൃഷിയിടമില്ലാതെ നെൽപ്പാടം മാത്രമേ കിട്ടിയിട്ടുള്ളുവെങ്കിൽ, അവരുടെ വീട്ടംഗങ്ങളുടെ പേരിലൊന്നും തന്നെ കരക്കൃഷിയിടങ്ങളില്ലെങ്കിൽ മുനിസിപ്പൽ പ്രദേശങ്ങളിൽ 5 സെന്റും ഗ്രാമ പഞ്ചായത്തുകളിൽ 10 സെന്റും നെൽപ്പാടങ്ങൾ നികത്തി വീട് വയ്ക്കാൻ അനുവദിക്കണമെന്ന നിയമസഭയുടെ ഒന്നാം നമ്പർ വിഷയ നിർണ്ണയ സമിതിയുടെ ശുപാർശ ഗവൺമെന്റ് അംഗീകരിച്ചിരിക്കുകയാണ്. മറ്റ് കൃഷിയിടങ്ങൾക്ക് ചുറ്റും ഉള്ള കൃഷിക്ക് തടസ്സമില്ലാത്ത രീതിയിൽ ഇത് ചെയ്യണമെന്നാണ് പറഞ്ഞിരിക്കുന്നത്. അതിനപ്പുറം ഗവൺമെന്റ് ഒന്നും അനുവദിക്കുന്ന പ്രശ്നമില്ല.

ശ്രീ. എം. നാരായണൻ (കുഴൽമന്ദം) : കൃഷിപ്പണിക്ക് തൊഴിലാളികളെ കിട്ടുന്നില്ല എന്നുള്ള പരാതി കൃഷിക്കാർക്കിടയിലുണ്ട്. തൊഴിലാളികളെ സംബന്ധിച്ചിടത്തോളം പറയുകയാണെങ്കിൽ കൃഷിപ്പണിക്ക് പോയാൽ കിട്ടുന്നതിനെക്കാൾ കൂടുതൽ കൂലി കൺസ്ട്രക്ഷൻ പണിക്ക് പോയാൽ കിട്ടുന്ന സാഹചര്യം നിലവിലുണ്ട്. അതുകൊണ്ട് ഈ തൊഴിലാളികളെ കൃഷിപ്പണിയിൽത്തന്നെ നിലനിറുത്തുവാനും അതിലേക്ക് അവർ ആകർഷിക്കപ്പെടുന്നതിനും പറ്റുന്ന രൂപത്തിൽ എന്തെങ്കിലും പദ്ധതി അവർക്കു വേണ്ടി കൊണ്ടുവരാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : പാലക്കാട്-കുട്ടനാട് പ്രദേശങ്ങളിൽ ഓരോ കാലഘട്ടത്തിലും കർഷകത്തൊഴിലാളികളുടെ മിനിമം കൂലി നിശ്ചയിക്കുന്നതിനുവേണ്ടിയുള്ള കമ്മിറ്റികൾ നിലവിലുണ്ട്. ആ കമ്മിറ്റികൾ അതാത് അവസരങ്ങളിൽ യോഗം ചേർന്നാണ് ഓരോ വർഷത്തെയും കൂലി നിശ്ചയിക്കുന്നത്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത് വളരെ ശരിയാണ്.

LIBRARY ARCHIVES Kerala Legislative Assembly

കർഷകത്തൊഴിലാളി 6 മണിക്കൂർ പാടത്ത് പണിയെടുത്താൽ കിട്ടുന്നതിനെക്കാൾ മെച്ചപ്പെട്ട കൂലി ഈ തൊഴിലാളി മറ്റ് മേഖലയിൽ ജോലിക്കു പോയാൽ കിട്ടുന്നുണ്ട്. പക്ഷേ നെൽക്കൃഷി മേഖലയിലെ കൂലി നിശ്ചയിക്കുന്നത് മിനിമം വേജസ് കമ്മിറ്റിയാണ്. കൃത്യമായിട്ട് ജോലി ചെയ്യുന്ന കർഷകത്തൊഴിലാളികൾക്ക് ബോണസ് നൽകാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ട്. അതിനുള്ള നടപടികൾ പൂർത്തീകരിച്ചു വരുകയാണ്.

മി. സ്പീക്കർ : അത് കൊള്ളാം.

ശ്രീ. എം. നാരായണൻ (കുഴൽമന്ദം) : ചോദ്യത്തിന് ഫലമുണ്ടായി.

മി. സ്പീക്കർ : ഫലമുണ്ടായി. നല്ല മറുപടി, അല്ലേ ?

ശ്രീ. എം. നാരായണൻ (കുഴൽമന്ദം) : പാലക്കാട്ടെ കൃഷിയിടങ്ങളിലുള്ള മറ്റൊരു വർത്തമാനം മണ്ണിന്റെ സ്വഭാവത്തിനനുസരിച്ചുള്ള നെൽവിത്ത് ഇപ്പോൾ കൃത്യ സമയത്ത് കിട്ടുന്നില്ല എന്നുള്ളതാണ്. അത് ലഭ്യമാക്കാനുള്ള നടപടി ഏതുവരെയായി എന്നു പറയാമോ ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : ഓരോ പ്രദേശത്തിന്റേയും പ്രത്യേക സാഹചര്യങ്ങൾ കണക്കിലെടുത്തുകൊണ്ട് അവിടെ കൃഷി ചെയ്യാനനുയോജ്യമായ വിത്തിനങ്ങൾ അവർ വികസിപ്പിച്ചെടുക്കുന്നത് കാർഷിക സർവ്വകലാശാലയാണ്. അവർ വികസിപ്പിച്ചെടുക്കുന്ന വിത്തിനങ്ങൾ വീണ്ടും വികസിപ്പിച്ച് കർഷകർക്കെത്തിക്കുക എന്നുള്ള നടപടിയാണ് കൃഷി വകുപ്പ് സ്വീകരിച്ചു വരുന്നത്. ഏതെങ്കിലും പ്രദേശത്തേക്ക് അനുയോജ്യമായ വിത്തിനങ്ങൾ കിട്ടുന്നില്ല എന്നറിയിച്ചാൽ തീർച്ചയായിട്ടും ആ പ്രദേശത്തേയ്ക്ക് അനുയോജ്യമായ വിത്തിനങ്ങൾ വിതരണം ചെയ്യുന്നതിന് നാഷണൽ സീഡ് കോർപ്പറേഷന്റെ പക്കൽ നിന്ന് ലഭ്യമാക്കാനും വിതരണം ചെയ്യാനും ഗവൺമെന്റ് നടപടിയെടുക്കുന്നതായിരിക്കും.

ശ്രീ. കെ. പി. രാജേന്ദ്രൻ : ബസുമതി നെൽക്കൃഷി ചെയ്യുന്നതിന് കർഷകർക്ക് ഇപ്പോൾ വളരെയധികം താൽപര്യമുണ്ടായിട്ടുണ്ട്. ബഹുമാനപ്പെട്ട മിനിസ്റ്റർ നേരത്തേ ഇവിടെ മറുപടി പറഞ്ഞപ്പോൾ ചൂണ്ടിക്കാണിച്ചതുപോലെ തന്നെ. എന്റെ നിയോജകമണ്ഡലത്തിൽ വളരെ നന്നായിട്ട് ഈ വിത്തുപയോഗിച്ചുള്ള കൃഷി ചെയ്തു വരുന്നുണ്ട്. ബഹുമാനപ്പെട്ട മന്ത്രി തന്നെ അത് വന്ന് കാണുകയുണ്ടായി. അതിൽ കൃഷിക്കാർക്ക് ഒരു താൽപ്പര്യവും ഉണ്ടായിട്ടുണ്ട്. ഇതിനകത്തൊരു പ്രശ്നമുണ്ട്. പുതിയ കൃഷി രീതി ആയതുകൊണ്ട് ഈ കൃഷി ചെയ്യുന്ന കാര്യങ്ങൾ വേണ്ടതുപോലെ കൃഷിക്കാരെ പഠിപ്പിക്കാൻ കഴിയാത്തതിന്റെ പ്രയാസങ്ങൾ ഉണ്ടായിട്ടുണ്ട്. ഞങ്ങളുടെ ഒരു പാടശേഖരക്കമ്മിറ്റി ഗവൺമെന്റിന്റെ അഭ്യർത്ഥന മാനിച്ചുകൊണ്ട് അവരുടെ പാടങ്ങളിൽ പൂർണ്ണമായും ബസുമതി കൃഷി ചെയ്തിരിക്കുകയാണ്. എന്നാൽ അവിടെ നടീൽ രീതി ശരിയാകാത്തതുകൊണ്ട് അവരുടെ കൃഷി മുഴുവൻ നശിച്ചു പോയി. അതുകൊണ്ട് അവർക്ക് നഷ്ടപരിഹാരം കൊടുക്കണം. അതോടൊപ്പം തന്നെ ഇത്തരം പുതിയ കൃഷി രീതിയിലേക്ക് വരുമ്പോൾ അവരെ ഇത്തരം കൃഷി രീതിയെ സംബന്ധിച്ച് വേണ്ടതുപോലെ പഠിപ്പിച്ചു കൊടുക്കുവാനുള്ള ഒരു സംവിധാനവും കൂടി ഉണ്ടാക്കുമോ ? അതിന് നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : ബസുമതി കൃഷി ചെയ്യാനാഗ്രഹിക്കുന്ന കർഷകർക്ക് ആവശ്യമായിട്ടുള്ള പരിശീലനം നൽകുന്നതിന് സംസ്ഥാനത്തിനകത്ത് നിന്നും പുറത്തു നിന്നും വൈദഗ്ദ്ധ്യം നേടിയവരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള സെമിനാറുകളും ചർച്ചാ ക്ലാസ്സുകളും നടത്തുന്നുണ്ട്. ബഹുമാനപ്പെട്ട അംഗം പറഞ്ഞ സ്ഥലത്ത് സംഭവിച്ചതെന്താണെന്നു വച്ചാൽ അവിടെ യന്ത്രം ഉപയോഗിച്ചാണ് ഞാറ് നടീൽ നടത്തിയത്. ആവശ്യത്തിലേറെ ആഴത്തിൽ ഞാറ് നട്ടു എന്നുള്ളതുകൊണ്ട് അത് പൊടിച്ചില്ല. അതാണ് സംഭവിച്ചത്. അത് യന്ത്രത്തിന് പറ്റിയ പിശകാണ്. അതുകൊണ്ട് ഗവൺമെന്റ് ഇത്തരം കൃഷി രീതികളുമായി ബന്ധപ്പെട്ടുകൊണ്ട് പരിശീലനം നൽകാൻ തയ്യാറാണ്.

ശ്രീ. കെ. പി. രാജേന്ദ്രൻ : ആ കൃഷിക്കാർ ആദ്യമായിട്ട് കൃഷി ചെയ്തതാണ്. അവർക്ക് നഷ്ടപരിഹാരം നൽകണം. നെൽക്കൃഷി വികസനത്തിനായി ഗവൺമെന്റ് യന്ത്രവൽക്കരണം, മണ്ണു സംരക്ഷണം, സാമ്പത്തിക സഹായം തുടങ്ങിയുള്ള നിരവധി വികസനപ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. തൃശ്ശൂർ കോൾകൃഷി മേഖലയിൽ നബാർഡിന്റെ ഒന്നാംഘട്ട പദ്ധതി പൂർത്തിയാവുകയാണ്. അതിന്റെ രണ്ടാംഘട്ടത്തിൽ ഗവൺമെന്റ് എന്തൊക്കെ പദ്ധതികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത് ? അതിനെന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : തൃശ്ശൂർ കോൾനില വികസന പദ്ധതിയുടെ ഒന്നാം ഘട്ട പ്രോജക്ട് വളരെ പെട്ടെന്നാണ് തയ്യാറാക്കിയത് അതുകൊണ്ട് ആ പ്രദേശത്തെ വികസനം മുഴുവൻ ലക്ഷ്യം വച്ചുകൊണ്ടുള്ള ഒരു പ്രോക്ട് തയ്യാറാക്കാൻ കഴിഞ്ഞിട്ടില്ല. ഒന്നാംഘട്ട പ്രോജക്ട് മാർച്ച് മാസം 4-ാം തീയതി അവസാനിക്കുകയാണ്. രണ്ടാം ഘട്ടം ആരംഭിക്കണം എന്നുള്ളതാണ് ഗവൺമെന്റിന്റെ ആഗ്രഹം. അതിനായി പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. അതിൽ അവശേഷിക്കുന്ന സ്ഥലങ്ങളിൽ റെഗുലേറ്ററുകൾ, ബണ്ടുകൾ, റോഡുകൾ എന്നിവ നിർമ്മിക്കുന്നതിനും അതുപോലെ തന്നെ ട്രാക്ടറുകളും ടില്ലറുകളും മറ്റും പാടങ്ങളിലേക്ക് ഇറങ്ങി കൃഷി ചെയ്യുന്നതിന് ആവശ്യമായിട്ടുള്ള സംവിധാനങ്ങളും രണ്ടാംഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തിക്കൊണ്ട് 49 കോടി രൂപയുടെ ഒരു പ്രോജക്ട് അംഗീകരിച്ചിട്ടുണ്ട്. ഇതിനെ സംബന്ധിച്ച് നബാർഡുമായി ചർച്ചയിലാണ്.

ശ്രീ. പി. രാജു : ബസുമതി നെൽക്കൃഷി കർഷകർക്ക് വളരെ താല്പര്യമുള്ള കൃഷിയായി മാറിക്കൊണ്ടിരിക്കുകയാണ്. ഈ പരിതഃസ്ഥിതിയിൽ ശ്രീ. രാജേന്ദ്രൻ സൂചിപ്പിച്ച മാതിരി കൃഷിഭവനിൽ ചെന്ന് കൃഷി ഓഫീസറന്മാരോട് ചോദിച്ചാൽ ഇതുസംബന്ധിച്ച് വേണ്ടത്ര വിവരം ലഭ്യമല്ല. അതുകൊണ്ട് കർഷകർക്ക് പരിശീലനം കൊടുക്കുന്നതുപോലെ തന്നെ ബസുമതി കൃഷി നടത്തുന്ന പ്രദേശങ്ങളിലേയും നാളെ നടത്താൻ ഉദ്ദേശിക്കുന്ന പ്രദേശങ്ങളിലേയും ഉദ്യോഗസ്ഥന്മാർക്കുകൂടി പരിശീലനം നൽകാൻ നടപടി സ്വീകരിക്കുമോ ? ഇന്ന് സാധാരണ നെൽക്കൃഷി ലാഭകരമല്ല. ബസുമതി നെൽക്കൃഷി ലാഭകരമായ സംഗതിയാണ് ; കർഷകരെ കൂടുതൽ അങ്ങോട്ട് ആകർഷിപ്പിക്കാൻ കഴിയുന്നതാണ്. അതുകൊണ്ട് പുതിയ പ്രദേശത്തേയ്ക്കു കൂടി, പ്രത്യേകിച്ച് എറണാകുളം ജില്ലപോലെയുള്ള പ്രദേശത്തേയ്ക്കു കൂടി ബസുമതി നെൽക്കൃഷി വ്യാപിപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : ബഹുമാനപ്പെട്ട മെമ്പറുടെ പ്രദേശത്ത് പൊക്കാളി കൃഷിയാണ്, ആ പ്രദേശത്ത് ബസുമതി കൃഷി ചെയ്യാനൊക്കുകയില്ല. അവിടെ പൊക്കാളി കൃഷിയേ ചെയ്യാനൊക്കുകയുള്ളൂ. മറ്റ് പ്രദേശങ്ങളിൽ, ബസുമതി കൃഷി ചെയ്യാൻ കഴിയുന്ന എറണാകുളം ജില്ലയിലെ മറ്റ് പ്രദേശങ്ങളിൽ ഈ കൃഷി വ്യാപിപ്പിക്കാൻ ഒരു പരിധി വരെ ഗവൺമെന്റ് തയ്യാറാണ്. അതിന് കർഷകർക്കാവശ്യമായ പരിശീലനം നൽകാനും തയ്യാറാണ്.

ശ്രീ. പി. രാജു : സംസ്ഥാനത്തെ ഒരു പ്രധാനപ്പെട്ട നെൽക്കൃഷി വികസന ഏജൻസി പ്രവർത്തിക്കുന്ന പ്രദേശമാണ് എന്റെ നിയോജകമണ്ഡലമായ പറവൂർ ; പൊക്കാളി നെൽക്കൃഷി വികസന ഏജൻസി, ഒട്ടേറെ പ്രവർത്തനങ്ങൾ ആ രംഗത്ത് നടത്തുന്നുണ്ട്. എന്നാൽ പൊക്കാളി കൃഷിയുടെ വികസനത്തിന്, പ്രത്യേകിച്ച് എറണാകുളം, തൃശ്ശൂർ, ആലപ്പുഴ ജില്ലകളിലെ പൊക്കാളി കൃഷിയുടെ വികസനത്തിനുവേണ്ടി ഒരു ബൃഹത്തായ പദ്ധതി, ഏകദേശം 20 കോടി രൂപയുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതി സംസ്ഥാന കൃഷി ഡിപ്പാർട്ട്മെന്റ് നബാർഡ് മുമ്പാകെ സമർപ്പിച്ചിട്ടുണ്ടായിരുന്നു. ആ പദ്ധതിക്ക് പ്രാഥമികമായ അനുമതി ലഭിച്ചു എന്നാണ് അറിയാൻ കഴിഞ്ഞിട്ടുള്ളത്. അതിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ ? അനുമതി ലഭിച്ചിട്ടില്ലെങ്കിൽ ഗവൺമെന്റ് ഇടപെട്ട് ഏറ്റവും വേഗത്തിൽ ഈ പദ്ധതിക്ക് അനുമതി വാങ്ങാനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : 20 കോടി രൂപ ചെലവഴിച്ച് പൊക്കാളി നെൽപ്പാടങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് ഒരുപ്പു പൊക്കാളി കൃഷിയും ഒരുപ്പു മൽസ്യ കൃഷിയും നടത്താനുള്ള ഒരു പ്രോജക്ടാണ് അവർ സമർപ്പിച്ചിട്ടുള്ളത്. അത് നബാർഡിന്റെ കയ്യിലുണ്ട്. നബാർഡ് പല ഘട്ടങ്ങളിലായി അതിന്റെ പല വശങ്ങളെക്കുറിച്ചും പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. ഗവൺമെന്റിന് ഇക്കാര്യത്തിൽ ചെയ്യാൻ കഴിയുന്ന എല്ലാ സഹായങ്ങളും ചെയ്യുന്നതാണ്.

ശ്രീ. കെ. എ. ചന്ദ്രൻ : ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി നെൽക്കൃഷി വികസനത്തിന് വിവിധ പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ട്. യാതൊരു ലോപവും മുണ്ടായിട്ടില്ല. പക്ഷേ 'ഏട്ടിലെ പശു പാല് തരുമോ' ? 1999-2000 വർഷത്തിലെ വിരിപ്പ്, മുണ്ടകൻ, പുഞ്ച വിളകൾക്ക് പാലക്കാട്ട് 8 കോടി രൂപ നെൽക്കർഷകർക്ക് കിട്ടാനുണ്ട്. അങ്ങ് പ്രഖ്യാപിച്ച പുതിയ ക്യാഷ് അവാർഡ് ഇനത്തിൽ 4 കോടി കിട്ടാനുണ്ട്. അങ്ങനെ 12 കോടി രൂപ പാലക്കാട് ജില്ലയിലെ നെൽക്കർഷകർക്ക് കിട്ടാനുണ്ട്. സർക്കാർ പ്രഖ്യാപിത നയമനുസരിച്ച് നൽകാനുള്ളത് ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയോട് പറഞ്ഞ് ഒന്ന് ലഭ്യമാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ? അതോടൊപ്പം തന്നെ നെൽക്കർഷകർക്ക് വൈദ്യുതി സൗജന്യം നൽകുന്ന വകയിൽ മൂന്നേമുക്കാൽ കോടി രൂപ കുടിശ്ശികയുണ്ട്. അത് വൈദ്യുതി ബോർഡിന് ലഭിക്കാത്തതുകൊണ്ട് വൈദ്യുതി വിച്ഛേദിച്ചതും കൃഷിയെ ബാധിച്ചിരിക്കുകയാണ്. ഈ രണ്ട് സംഖ്യയും കഴിയും വേഗം, എന്ന് കൊടുക്കുമെന്ന് പ്രഖ്യാപിക്കാൻ കഴിയുമോ ?



LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : വൈദ്യുതി കുടിശ്ശികയുള്ളതുകൊണ്ട് ഒരാളുടെ വൈദ്യുതിയും വിച്ഛേദിക്കുന്നില്ല. അത് ഗവൺമെന്റും വൈദ്യുതി ബോർഡും തമ്മിലുള്ള പ്രശ്നമാണ്. ആ കാര്യം വിദ്യുച്ഛക്തി വകുപ്പുമന്ത്രിയുമായി ചർച്ച ചെയ്ത് അതിന്മേൽ തീരുമാനം എടുത്തിട്ടുണ്ട്. അതിന്റെ പേരിൽ ഒരു കൃഷിക്കാരന്റെ കണക്ഷൻ പോലും വിച്ഛേദിക്കുകയില്ല. ബഹുമാനപ്പെട്ട ചന്ദ്രേട്ടൻ സഭയ്ക്കകത്തും സഭയ്ക്ക് പുറത്തും രണ്ട് വിധത്തിലാണ് പറയുന്നത്. പാലക്കാട്ട് 2500-ഓളം കൃഷിക്കാരുടെ മുമ്പിൽ വച്ച് എന്നെ അഭിനന്ദിച്ചതാണ്. അവിടെ ചരിത്രത്തിലാദ്യമായിട്ട് കൃഷിക്കാർക്ക്, പാടശേഖരസമിതികൾക്ക്, 50 പവർ ടില്ലറുകൾ സൗജന്യമായി നൽകി. അവിടെ ഇൻഷ്വറൻസിലെ കർഷകരക്ഷാ പദ്ധതിയിൽ അംഗങ്ങളായിട്ടുള്ളവർക്ക്, അപകടമരണം സംഭവിച്ചവർക്ക് ധനസഹായം കൊടുത്തു. കൃഷിക്കാർക്ക് കീടനാശിനി തളിക്കാൻവേണ്ടി 400 പമ്പുസെറ്റുകളാണ് അവിടെ വച്ച് നൽകിയത്. അദ്ദേഹം അതിൽ പങ്കെടുത്തിരുന്നു. അപ്പോൾ 'ഏട്ടിലെ പശു പുല്ല് തിന്നുകയില്ല' എന്നുള്ളത് അദ്ദേഹത്തിനുമാത്രം അനുയോജ്യമായിട്ടുള്ള ഒരു ചൊല്ലാണ്. കഴിഞ്ഞ ഗവൺമെന്റ് പോകുമ്പോൾ പ്രൊഡക്ഷൻ ബോണസ് 7 ക്രോപ്പിന്റേത് ബാക്കിയുണ്ടായിരുന്നു. അത് ഈ ഗവൺമെന്റ് കൊടുത്തീർത്ത് മൂന്നായിട്ട് ചുരുക്കി. ആ മൂന്നും മിക്കവാറും മാർച്ച് മാസത്തിൽത്തന്നെ കൊടുക്കാൻ കഴിയുമെന്നാണ് ഗവൺമെന്റ് പ്രതീക്ഷിക്കുന്നത്.

ശ്രീ. എ. കണാരൻ : ഈ നെൽപ്പാടങ്ങൾ നികത്തുന്നത് തടഞ്ഞിട്ട് ഭക്ഷ്യോൽപ്പാദനം വർദ്ധിപ്പിക്കാനാണ് കോടിക്കണക്കിന് രൂപ ഗവൺമെന്റ് സഹായം നൽകുന്നത്. അവർക്ക് ഇൻസെന്റീവ് നൽകുന്നു, വൈദ്യുതി സൗജന്യമായി നൽകുന്നു. ഇതെല്ലാം ഒരു ഭാഗത്തു നൽകിക്കൊണ്ടിരിക്കുന്നു. ഇതെല്ലാം ചെയ്യുന്നത് ഭക്ഷ്യക്കമ്മിയ്ക്ക് പരിഹാരം കാണാനായിട്ട് ഭക്ഷ്യോൽപ്പാദനം വർദ്ധിപ്പിക്കുക, ഈ രാജ്യത്തെ ലക്ഷക്കണക്കിന് തൊഴിലാളികൾക്ക് ജോലി നൽകുക എന്നീ ലക്ഷ്യത്തോടെയാണ്. അത് പറഞ്ഞുകൊണ്ടിരിക്കുമ്പോൾ തന്നെ വ്യവസായ എസ്റ്റേറ്റ്, എയർപോർട്ട്, ബസ് സ്റ്റാന്റ്, ആശുപത്രി എന്നിവയ്ക്കുവേണ്ടി സ്ഥലം അക്വയർ ചെയ്യുകയും ഇതെല്ലാം നിർമ്മിക്കുകയും ചെയ്യുന്നത് തമ്മിൽ എങ്ങനെയാണ് പൊരുത്തപ്പെടുന്നത് ; അതിനെപ്പറ്റി ഒന്നു വിശദീകരിക്കാമോ ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : പത്തനംതിട്ടയ്ക്ക് ഒരു ബസ് സ്റ്റാന്റ് വേണം, നെൽപ്പാടം നികത്തിയല്ലാതെ അവിടെ ബസ് സ്റ്റാന്റ് പണിയാൻ സാദ്ധ്യമല്ല. അതുകൊണ്ട് അവിടെ നെൽപ്പാടം നികത്തിക്കൊണ്ടിരിക്കുകയാണ്. ബസ് സ്റ്റാന്റ് വേണ്ടെന്നു പറയാൻ കഴിയില്ല. ചില പ്രധാനപ്പെട്ട പ്രദേശങ്ങളിൽ വ്യവസായ സ്ഥാപനങ്ങൾ വരുന്നതിന് നെൽപ്പാടം നികത്തിയല്ലാതെ വേറെ വഴിയില്ല. അതൊക്കെ പരിമിതപ്പെടുത്താൻ ഗവൺമെന്റ് ആഗ്രഹിക്കുന്നുണ്ട് ; നിലപാട് എടുക്കുന്നുണ്ട്. ഇതൊന്നും ഒഴിവാക്കാൻ കഴിയാത്തതാണ് എന്നുള്ളതു കൊണ്ടാണ് ഇങ്ങനെയൊരു നിലപാട് എടുത്തിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. വി. അബ്ദുറഹിമാൻ ഹാജി : ഞാനൊരു പരമ്പരാഗത കൃഷിക്കാരനാണ്. നിലം നികത്തി ആദായകരമായ കൃഷി ചെയ്യാൻ അനുവദിക്കുകയോ അല്ലെങ്കിൽ ഈ ആദായകരമല്ലാത്ത കൃഷിക്ക് നിർബന്ധിക്കാതെ കൃഷിയിടം ഗവൺമെന്റ് ഏറ്റെടുത്തിട്ട് കൃഷിക്കാരന് വില കൊടുക്കുകയോ ചെയ്യാൻ ഗവൺമെന്റ് തയ്യാറാകുമോ ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : നെൽക്കൃഷി നഷ്ടമാണെന്നു പറയുന്നതിനോട് ഗവൺമെന്റ് യോജിക്കുന്നില്ല. 90, 100 ദിവസമാണ് കൃഷിക്കാവശ്യമായിട്ടുള്ള സമയം. ആ സമയം കൊണ്ട് വിളവെടുക്കാവുന്ന ഹ്രസ്വകാല കൃഷിയാണ് നെൽക്കൃഷി. അതുമായി താരതമ്യപ്പെടുത്തുമ്പോൾ ലാഭകരമാണ്. മറ്റ് ചില കാർഷികോത്പന്നങ്ങൾക്ക് വസ്തുവിലയ്ക്കു കിട്ടിയിരുന്നു. ആ ഒരു കാലത്ത് ആ കൃഷിയുമായി താരതമ്യപ്പെടുത്തുമ്പോൾ നെൽക്കൃഷിയിൽ നിന്നുള്ള ലാഭം കുറവാണ്. അതുകൊണ്ടാണ് അത് നഷ്ടമാണെന്നു പറയുന്നത്. പക്ഷേ ശ്രീ. എ. വി. ഇവിടെ പറഞ്ഞ ആ നെൽപ്പാടങ്ങളുടെ ഉപയോഗത്തിൽ വ്യത്യാസമില്ലാതെ വീണ്ടും നെൽക്കൃഷി ചെയ്യാവുന്ന രീതിയിൽ പച്ചക്കറിക്കൃഷിയോ വാഴക്കൃഷിയോ ഒക്കെ ചെയ്യുന്നതിന് അങ്ങനെക്ക് അധികാരമുണ്ട്. അതിന് അധികാരം നൽകുകയും ചെയ്യും.

ശ്രീ സി. പി. ബാലൻ വൈദ്യർ : നെൽക്കൃഷി വികസനത്തെപ്പറ്റി മന്ത്രി ഇവിടെ പറഞ്ഞു. കോഴിക്കോട് ജില്ലയിലെ രണ്ട് മൂന്നു ബ്ലോക്കുകളാണ് ചുണ്ടിക്കാണിക്കുന്നത്. പെരുവണ്ണാമൂഴി അണക്കെട്ടിൽ നിന്നുള്ള വെള്ളം പുഞ്ചക്കൃഷിക്ക് ഇതുവരെ തുറന്നു വിട്ടിട്ടില്ല. അതിന്റെ ഫലമായി പെരുവിരുത വിതച്ച് വെള്ളം കിട്ടുമെന്നുദ്ദേശിച്ച കൃഷിക്കാർ വലിയ ബുദ്ധിമുട്ടിലാണ്. കൃഷി വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽ ഈ പ്രശ്നം പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്തു നടപടിയെടുക്കും ? അതുപോലെ ചാത്തമംഗലം പഞ്ചായത്തിൽ ലിഫ്റ്റ് ഇറിഗേഷനിലെ ഫ്യൂസ് ഇലക്ട്രിസിറ്റിക്കാർ ഊരിക്കൊണ്ടുപോയി. കൃഷിവകുപ്പ് അറിഞ്ഞിട്ടാണോ എന്നറിയില്ല. അതിൽ ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി അടിയന്തിരമായി ഇടപെട്ട് അടിയന്തിര സഹായം ആ കൃഷിക്കാർക്ക് കൊടുക്കണം.

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : ലിഫ്റ്റ് ഇറിഗേഷനൊന്നും കൃഷിവകുപ്പിന്റേതല്ല. അത് ഇറിഗേഷൻ വകുപ്പിന്റേതാണ് ; ജില്ലാ പഞ്ചായത്തിനെ ഏൽപിച്ചിട്ടുള്ളതാണ്. അതുകൊണ്ട് അവിടെ ഫ്യൂസ് ഊരിയതൊന്നും കൃഷി വകുപ്പിനറിയില്ല....സഹായത്തിന്റെ കാര്യം ആലോചിക്കാം. ആദ്യത്തെ ചോദ്യം ബഹുമാനപ്പെട്ട ഇറിഗേഷൻ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അദ്ദേഹം ഈ സഭയിൽത്തന്നെയുണ്ട്. അതിനുള്ള നടപടി ബഹുമാനപ്പെട്ട ഇറിഗേഷൻ വകുപ്പുമന്ത്രി സ്വീകരിക്കും.

ഡോ. എം. എ. കുട്ടപ്പൻ : പൊക്കാളി നെൽക്കൃഷി വികസന ഏജൻസിയുടെ പരിധിയിൽപ്പെടുന്ന പ്രദേശത്ത് സാധാരണഗതിയിലുള്ള ട്രാക്ടറോ ടില്ലറോ ഇറങ്ങില്ല. കൊയ്യാൻ ആളെ കിട്ടില്ല. അതിന് പരിഹാരമായി വിദേശത്ത് എവിടെയോ ഉള്ള ചില യന്ത്രങ്ങൾ കൊണ്ടുവന്നിട്ട് ഇവിടെ പരിശോധിക്കാമെന്നുള്ള ഒരു നിലപാടെടുത്തിരുന്നു. അതിന് ആളെ വിട്ടിരുന്നു. അത് എന്തായി ? ആ യന്ത്രം ഇവിടെ എത്താറായോ എന്നുള്ളതാണ് ചോദ്യം.

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : പൊക്കാളിനെൽപ്പാടങ്ങളിൽ ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ചതുപോലെ നമ്മൾ നിലം ഉഴനായി ഉപയോഗിക്കുന്ന യന്ത്രങ്ങൾ ഉപയോഗിച്ച് ഉഴാൻ സാദ്ധ്യമല്ല, പ്രത്യേകം യന്ത്രങ്ങൾ ആവശ്യമാണ്. അതുകൊണ്ട് ആ രീതിയിലുള്ള കൃഷിരീതി നടപ്പാക്കുന്ന രാജ്യങ്ങളിലെ കൃഷിരീതി കണ്ടു മനസ്സിലാക്കുന്നതിനുവേണ്ടി 'കാംകോ' യുടെ എൻജിനിയേഴ്സിനെ നമ്മൾ അയച്ചിരുന്നു. അവർ അതിനനുസൃതമായിട്ടുള്ള ഉഴവുയന്ത്രം വികസിപ്പിച്ചെടുക്കുന്നതിനുള്ള പ്രവൃത്തിയിൽ ഏർപ്പെട്ടിട്ടുണ്ട്.

ശ്രീ. എം. വി. ജയരാജൻ : ഇൻഡ്യാ ഗവൺമെന്റിന്റെ 1999-2000-ലെ സാമ്പത്തിക സർവ്വേ റിപ്പോർട്ടിൽ ഒരുകാര്യം സൂചിപ്പിക്കുകയുണ്ടായി. 1980 മുതൽ 90 വരെ നെല്ലിന്റെ വാർഷിക വളർച്ച നിരക്ക് പ്രതിവർഷം ഏതാണ്ട് 4.29 ശതമാനമായിരുന്നെങ്കിൽ 1990 മുതൽ 99 വരെയുള്ള പത്ത് വർഷം അത് 1.60 ആയിട്ട് കുറയുകയാണ് ചെയ്തത്. ഇതിനുള്ള കാരണമായി പറയുന്നത് ഈ മേഖലയിൽ കൃഷിക്കാർക്ക് ബാങ്കുകൾ നൽകുന്ന വായ്പ ഗണ്യമായി കുറഞ്ഞു വരുന്നു എന്നുള്ളതാണ്. ബാങ്കിംഗ് മേഖലയിൽ കാർഷികാവശ്യത്തിനുള്ള വായ്പ കുറഞ്ഞുവരുന്ന ഗൗരവമായ പ്രശ്നം പരിഗണിച്ച് ദേശസാൽക്കൃത ബാങ്കുകളുടെ പ്രവർത്തനത്തിൽ ഇടപെടാൻ ഗവൺമെന്റ് തയ്യാറാകുമോ ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : ഇതിനകത്ത് രണ്ടു കാര്യങ്ങളുണ്ട്. വായ്പ എന്നുപറയുമ്പോൾ നെൽക്കൃഷി ഹ്രസ്വകാലകൃഷി എന്നുള്ള നിലയ്ക്ക് വായ്പ തിരിച്ചടയ്ക്കാനുള്ള കാലാവധി വളരെ ചെറുതാണ്. എന്നാൽ ഏത്ത വാഴ തുടങ്ങിയുള്ള കൃഷിയുടെ പേരിൽ വായ്പ എടുക്കുകയാണെങ്കിൽ അതിന്റെ തിരിച്ചടവിൽ കുറച്ചു മാസങ്ങൾകൂടി കൃഷിക്കാരന് കിട്ടും. മിക്കവാറും നെൽക്കൃഷിക്കാർ വേറെ കൃഷിയുടെ ആവശ്യത്തിനാണ് വായ്പ എടുത്തുവരുന്നത് എന്നാണ് ഗവൺമെന്റ് മനസ്സിലാക്കിയിട്ടുള്ളത്. ബഹുമാനപ്പെട്ട അംഗം പറഞ്ഞ കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതാണ്. നാഷണലൈസ്ഡ് ബാങ്കുകളുമായി പലവട്ടം അക്കാര്യങ്ങൾ ചർച്ച ചെയ്തു. അതിൽനിന്നാണ് ഒരു കാര്യം ഗവൺമെന്റിന് മനസ്സിലായത്. കൃത്യമായി നെൽക്കൃഷി വായ്പ ലഭിക്കുന്നതിനാവശ്യമായിട്ടുള്ള നടപടി, അവർ മാത്രമല്ല ജില്ലാ സഹകരണ ബാങ്കുകളും ഇപ്പോൾ കൊടുക്കാൻ തയ്യാറായിട്ടുണ്ട്. ജനകീയാസൂത്രണ സംവിധാനത്തിൽത്തന്നെ ഈ കൃഷിക്കുള്ള വായ്പാ സൗകര്യം വിപുലപ്പെടുത്തുന്നതിനുള്ള സംവിധാനമുണ്ട് ഇതെല്ലാം ഇതിനുപയോഗിക്കാവുന്നതാണ്.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : സർ, ബഹുമാനപ്പെട്ട മന്ത്രി ഇവിടെ ചില ആനുകൂല്യങ്ങളെപ്പറ്റി പറഞ്ഞു. സംഗതി എന്തായിരുന്നാലും ഇവിടെ നെൽക്കൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തൃതി കുറയുകയാണ്. എട്ടാം പദ്ധതിക്കാലത്ത് 39,000 ഹെക്ടർ സ്ഥലത്ത് നെൽക്കൃഷി ഉണ്ടായിരുന്നത് ഒമ്പതാം പദ്ധതിക്കാലത്ത് 22,000 ഹെക്ടറിലായി കുറഞ്ഞു. ഇത് കാണിക്കുന്നത് എന്താണെന്നുവച്ചാൽ നെൽക്കൃഷി മുതലാകുകയില്ല എന്നാണ്. ബഹുമാനപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly

മന്ത്രി ഇവിടെ പറഞ്ഞു ഇത് ആദായകരമാണെന്ന്. എനിക്ക് അങ്ങനെ തോന്നുന്നില്ല. ഞാൻ വായിച്ചു മനസ്സിലാക്കിയിടത്തോളം നെൽക്കൃഷിയിൽ നിന്ന് ആളുകൾ ഒഴിഞ്ഞുപോകുന്നത് ഇത് മുതലാകാത്തതുകൊണ്ടാണ്. ഇതിനിറക്കുന്ന പണത്തിനനുസരിച്ച് ഇന്ന് ആദായം. ഇതിൽ വളരെ പ്രധാനമായ ഒരു സംഗതി എന്നുപറയുന്നത് ഇതിനെ വയബിളാക്കുകയാണ്. ഇതിനെ സംബന്ധിച്ച് ആഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റി വൈസ് ചാൻസലർ ചെയർമാനായിട്ടുള്ള ഒരു എക്സ്പെർട്ട് കമ്മിറ്റി ഉണ്ടാക്കിയിട്ടുണ്ട്. അവർ 75 ശതമാനത്തോളം വരുന്ന കൃഷിഭൂമി കവർ ചെയ്തിട്ട് 54 ബ്ലോക്കുകളിൽ സാമ്പത്തിക സർവ്വേയടക്കം കൊടുക്കുന്ന ഒരു പാക്കേജ് നിർദ്ദേശിച്ചിട്ടുണ്ട്. അതിനെ സംബന്ധിച്ച് വല്ലതും പഠിച്ച് തയ്യാറെടുത്തിട്ടുണ്ടോ ? രണ്ടാമതായി, ഇതിന്റെ കോസ്റ്റ് ഓഫ് പ്രൊഡക്ഷൻ ആണ് കുറയ്ക്കേണ്ടത്. അതിന്റെ ഒരു പ്രധാന ഭാഗമാണ് ഇറിഗേഷൻ. അതിന് ഇപ്പോൾ മന്ത്രിതന്നെ മറുപടി പറയുമ്പോൾ കേൾക്കാം. കൃഷിവകുപ്പു മന്ത്രിയോട് ശ്രീ. ബാലൻവൈദ്യർ ഇറിഗേഷനെക്കുറിച്ച് ചോദിച്ചപ്പോൾ പറഞ്ഞത് അത് ചെയ്യേണ്ടത് ഞാനല്ല മറ്റേ മന്ത്രിയാണ് എന്നാണ്. ഇറിഗേഷനും ഇലക്ട്രിസിറ്റിയും അഗ്രിക്കൾച്ചറുമൊക്കെ കോ-ഓർഡിനേറ്റ് ചെയ്ത് പോകേണ്ട സ്ഥാനത്ത് ആ കോ-ഓർഡിനേഷൻ ഇല്ല. അതാണ് പ്രധാനമായിട്ടുള്ള ഒരു സംഗതി. എന്റെ നിയോജകമണ്ഡലത്തിലെ തന്നെ കാര്യം ബഹുമാനപ്പെട്ട മന്ത്രിക്ക് അറിയാം. കൂത്താളി റഗുലേറ്റർ കം ബ്രിഡ്ജ് എത്രയോ കാലമായി നടക്കുന്നില്ല. എല്ലാ ഡിപ്പാർട്ടുമെന്റുകളുംകൂടി പഞ്ചായത്തുകൾ മുഖേന നടത്തുന്ന ചെറുകിട ജലസേചന പദ്ധതികൾ തടയണ പോലുള്ളവയൊക്കെ ഉണ്ടാക്കുക, ഇറിഗേഷൻകൂടി സജീവമാക്കി അതിന്റെകൂടി കോ-ഓർഡിനേഷൻ ഉണ്ടായാൽ ഡവലപ്മെന്റ് ഉണ്ടാകും. കോസ്റ്റ് ഓഫ് പ്രൊഡക്ഷൻ അതിനനുസരിച്ച് കുറയ്ക്കാൻ കഴിയും. അതുപോലുള്ള സംഗതിയെക്കുറിച്ച് ഗൗരവമായി ആലോചിച്ച് എന്തെങ്കിലും നടപടി എടുക്കുമോ ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : ഞാൻ ഇവിടെ പറഞ്ഞത് ഹ്രസ്വകാല കൃഷി എന്നുള്ള നിലയ്ക്ക് നെൽക്കൃഷി ലാഭകരമാണ്. അതിന്റെ ലാഭവിഹിതത്തെ സംബന്ധിച്ചാണ് ഇവിടെ പ്രശ്നം. അതാണ് ഒരു കാര്യം. രണ്ടാമത്, ഡോ. ശ്യാമസുന്ദരൻ നായർ കമ്മിഷൻ റിപ്പോർട്ടിലെ ഒരു ഭാഗമാണ്. അത് നടപ്പിലാക്കുന്നതിന്റെ ഒരു ഭാഗമായിട്ടാണ് ഈ മുണ്ടകൻ കൃഷി മുതൽ ഹെക്ടറിന് 750 രൂപയുടെ പ്രത്യേക ഇൻസെന്റീവ് കേരളത്തിലെ എല്ലാ നെൽക്കൃഷിക്കാർക്കും നൽകാൻ ഗവൺമെന്റ് തീരുമാനിക്കുകയും അതിനാവശ്യമായ പണം മാറ്റിവയ്ക്കുകയും ചെയ്തിട്ടുണ്ട്. ഉൽപാദനച്ചെലവ് കുറയ്ക്കണമെന്നുള്ളതാണ് ബഹുമാനപ്പെട്ട അംഗം പറയുന്ന മൂന്നാമത്തെ നിർദ്ദേശം. ഈ രംഗത്താണ് കേരളത്തിൽ ഏറ്റവും കൂടുതൽ തൊഴിലവസരം നൽകുന്നത്. പ്രത്യേകിച്ച് സ്ത്രീകൾക്ക് ഏറ്റവും കൂടുതൽ തൊഴിൽ നൽകുന്നത് കൃഷി മേഖലയിലാണ്. അവിടെ കൃഷിക്ക് വരുന്ന തൊഴിലാളികളുടെ തൊഴിലവസരങ്ങൾ നഷ്ടപ്പെടാത്ത രീതിയിൽ ചെറുകിട യന്ത്രവൽക്കരണം കൊണ്ടുവരുന്നതിന് ഗവൺമെന്റ് ആഗ്രഹിക്കുന്നു. അതിന്റെ നടപടികൾ കഴിഞ്ഞ മൂന്നു വർഷങ്ങളിലൂടെ നടപ്പിലാക്കിവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. സി. ജോർജ് : ഇവിടെ ശ്രീ. കണാരനും ശ്രീമതി എൻ. കെ. രാധയും ചോദിച്ച ചോദ്യത്തോടനുബന്ധിച്ചാണ്. കിഴക്കൻ മേഖലകളിൽ 40 വർഷത്തിനു മുൻപൊക്കെ നെൽക്കൃഷി നടത്തിയിരുന്നു. ഇപ്പോൾ അത് പാടമാണോ എന്നു ചോദിച്ചാൽ പാടമാണ്. പാടമല്ലേ എന്നുചോദിച്ചാൽ പാടമല്ല. യഥാർത്ഥത്തിൽ 40 വർഷമെങ്കിലുമായി അവിടെ കൃഷി ചെയ്തിട്ട്. ഒരു കാരണവശാലും ഇനി നെൽപ്പാടമാക്കാൻ കഴിയില്ല. അങ്ങനെയുള്ള മേഖലയിൽ ഒരു നിശ്ചിത കാലാവധിവച്ച് ഒരു തീരുമാനമെടുത്താൽ 1-1-77-ന് മുമ്പ് കുടിയേറിയ കൃഷിക്കാർക്ക് പട്ടയം കൊടുക്കും എന്നു തീരുമാനച്ചതുപോലെ 20 വർഷത്തെയെങ്കിലും കാലാവധിയിട്ടിട്ട് അതിനുശേഷം കൃഷി ചെയ്തിട്ടില്ലാത്ത, ലാഭകരമായി നെൽക്കൃഷി ചെയ്യാൻ കഴിയാത്ത കിഴക്കൻ മേഖലയിലെ ഭൂമിയിൽ കെട്ടിടം പണിയാൻ ആവശ്യമായ അനുവാദം കൊടുക്കാനുള്ള നടപടി സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : ആ ഭൂമിയുടെ രൂപത്തിൽ മാറ്റം വരുത്താതെ വേറെ കൃഷി നടത്താനായിട്ടുള്ള അനുമതി കൊടുക്കാം. മണ്ണാണല്ലോ, അവിടെ വേറെ കൃഷി ചെയ്യാമല്ലോ. കെട്ടിടങ്ങൾ മാത്രമല്ലല്ലോ അവിടെ വയ്ക്കാൻ പറ്റുന്നത്. അതുകൊണ്ട് മറ്റ് കൃഷി ചെയ്യുന്നതിന് അനുമതി കൊടുക്കാവുന്നതാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : കൃഷിയെക്കുറിച്ചാണ് ചോദ്യം. ഇവിടെ വാട്ടർ മാനേജ്മെന്റ് ഇല്ലാത്തതാണ് പ്രശ്നം. വളരെ ഗൗരവമുള്ള ഒരു ചോദ്യമാണ്. കല്ലട ഇറിഗേഷൻ പ്രോജക്ടിന്റെ മുകളിലത്തെ തലം മുതൽ താഴെവരെ ആയിരക്കണക്കിന് ഹെക്ടർ സ്ഥലത്ത് കൃഷിയിറക്കുന്നുണ്ട്. പക്ഷേ വാട്ടർ മാനേജ്മെന്റ് ഇല്ലാത്തതുകൊണ്ട് ഒരു സമയത്ത് ഒരുപൂ കൃഷി ഇറക്കാനോ താഴെ അതിനെക്കാൾ വ്യത്യസ്തമായ കൃഷിയിറക്കാനോ-ഒരിടത്തു നിന്ന് വെള്ളം ഇറക്കിയാൽ വേറൊരു സ്ഥലത്ത് അത് ബുദ്ധിമുട്ടാകും. കൃഷിയുടെ കാര്യത്തിൽ ഒരു മാനേജ്മെന്റ് ഉണ്ടാകാതിരിക്കുന്നതുകൊണ്ട് വേണ്ട വിധത്തിൽ ആ പ്രോജക്ടിന്റെ പ്രയോജനം ജനങ്ങൾക്ക് കിട്ടുന്നില്ല. കോടിക്കണക്കിന് രൂപ പ്രയോജനമില്ലാതെ പോകുന്ന അവസ്ഥയിൽ നിൽക്കുകയാണ്. അതിന് വാട്ടർ മാനേജ്മെന്റ് ഉണ്ടാക്കുന്നതിനുവേണ്ടി നേരത്തെ ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ചതുപോലെ ഇറിഗേഷൻ മിനിസ്റ്ററും ഇലക്ട്രിസിറ്റി മിനിസ്റ്ററും അങ്ങും ചേർന്ന് ഒരു കോ-ഓർഡിനേഷൻ ഉണ്ടാക്കുന്നതിനുവേണ്ടിയുള്ള ശ്രമം നടത്തുമോ ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) : കമ്മിഷൻ ചെയ്തിട്ടുള്ള വൻകിട ജലസേചന പദ്ധതികളൊക്കെ ഫലപ്രദമായി കാർഷികരംഗത്ത് പ്രയോജനപ്പെടണമെങ്കിൽ വാട്ടർ മാനേജ്മെന്റ് വേണം. കല്ലട ഇറിഗേഷൻ പദ്ധതി ഭാഗികമായിപ്പോലും കമ്മിഷൻ ചെയ്തിട്ടില്ല. അങ്ങനെ കമ്മീഷൻ ചെയ്യാത്ത സ്ഥിതിക്ക് അവിടെ വാട്ടർ മാനേജ്മെന്റ് ഇപ്പോൾ

രൂപീകരിക്കാൻ കഴിഞ്ഞിട്ടില്ല. എന്നാൽ കനാൽ തുറന്നുവിടുമ്പോൾ വിവിധ ഭാഗങ്ങളിൽ പ്രവർത്തിക്കുന്ന അസിസ്റ്റന്റ് എൻജിനീയേഴ്സിനെയും ഓവർസിയർമാരെയുമൊക്കെ വിളിച്ചുകൂട്ടി ഓരോ സ്ഥലത്തേയും കൃഷിയെ സംബന്ധിച്ച് പഠനം നടത്തിയശേഷമാണ് ഈ കനാലുകൾ ഇപ്പോൾ തുറന്നു വിടാറുള്ളത്. ചിലപ്പോൾ കൃഷിക്കാർ തന്നെ എന്നെ നേരിട്ട് ടെലഫോണിൽ വിളിച്ചിട്ട് വിവരങ്ങൾ പറയാറുണ്ട് ; തുറന്നുവിടരുത്, അല്ലെങ്കിൽ എപ്പോൾ തുറന്നുവിടണമെന്നൊക്കെ. അതിന്റെ അടിസ്ഥാനത്തിലാണ് പലപ്പോഴും നിർദ്ദേശം കൊടുത്ത് നടപടികൾ സ്വീകരിച്ചു വരുന്നത്. കമ്മിഷൻ ചെയ്തിട്ടല്ലേ കോ-ഓർഡിനേഷൻ ഉണ്ടാക്കേണ്ടതുള്ളൂ ? ഇപ്പോൾ കോ-ഓർഡിനേഷൻ ഉണ്ടാക്കിയതുകൊണ്ട് ഫലപ്രദമായ യാതൊരു പ്രയോജനവും ഉണ്ടാകുകയില്ല.

ശ്രീ. ജി. സുധാകരൻ : നിലവിലുള്ള നെൽക്കൃഷി പ്രദേശങ്ങൾ പൂർണ്ണമായും നിലനിർത്താൻ ദീർഘകാലമായി നെൽക്കൃഷി നടത്താതിട്ടിരിക്കുന്ന, മുമ്പ് നെൽക്കൃഷി നടത്തിയിരുന്ന പ്രദേശങ്ങൾ വീണ്ടും കൃഷിക്കുപയോഗ പ്രദമാക്കാൻ നെൽക്കൃഷിയിലേർപ്പെട്ടിരിക്കുന്ന കർഷകത്തൊഴിലാളികളുടെ സേവന-വേതന വ്യവസ്ഥകളിൽ യാതൊരു തരത്തിലുള്ള കുറവും വരുത്താതെ കൃഷിക്കാർക്ക് ആദായം വർദ്ധിപ്പിക്കാനുള്ള സമഗ്രമായൊരു കർഷക-കർഷകത്തൊഴിലാളി സമാധാനനയം കൂടി കണക്കിലെടുത്ത് മെതിയന്ത്രം അടക്കമുള്ള ചെറുകിട യന്ത്രവൽക്കരണം കൃഷിക്കാരുടെയും തൊഴിലാളികളുടെയും പൂർണ്ണമായ സഹായത്തോടുകൂടി നടപ്പിലാക്കാൻ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പത്താം കേരള നിയമസഭയുടെ ആദ്യകാല ബഡ്ജറ്റിൽ പറഞ്ഞത് കണക്കിലെടുത്ത് എന്തെല്ലാം നടപടികൾ കേരളത്തിൽ സ്വീകരിച്ചു, തുടർന്ന് എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ട് എന്ന് വ്യക്തമാക്കുമോ ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) : നെൽക്കൃഷി വികസനത്തിനുവേണ്ടി ബഹുമാനപ്പെട്ട അംഗത്തിന്റെ സ്ഥലത്തു തന്നെ, ഓണാട്ടുകരയിൽ ഒരു പ്രോജക്ട് തയ്യാറാക്കി ധനകാര്യ വകുപ്പിന്റെ അംഗീകാരത്തോടുകൂടി നബാർഡിന് സമർപ്പിക്കുകയും നബാർഡ് അതിന് അംഗീകാരം നൽകുകയും ആദ്യഘട്ടം ആരംഭിക്കുകയും ചെയ്തു. ഏറ്റവും അടിയന്തിരമായി രണ്ടാംഘട്ടം പ്രവർത്തനങ്ങൾ ആരംഭിക്കാൻ പോകുകയാണ്. ഏകദേശം 49 കോടി രൂപ ചെലവ് വരുന്നതാണ് ഓണാട്ടുകര നെൽക്കൃഷി വികസന പദ്ധതിയുടെ ഇപ്പോൾ പ്രാവർത്തികമാക്കുന്ന ഒന്നാംഘട്ടപദ്ധതി. അവിടത്തെ പുഞ്ചപാടങ്ങൾ സംരക്ഷിക്കുകയെന്നതാണ് ഗവൺമെന്റിന്റെ ഉദ്ദേശ്യം. വിശദമായ സർവ്വേയുടെ അടിസ്ഥാനത്തിലാണ് അവിടത്തെ പുഞ്ചപ്പാടങ്ങൾ സംരക്ഷിക്കുക. അതുപോലെ പൊന്നാനി നെൽക്കൃഷി വികസന ഏജൻസിയുടെ ആഭിമുഖ്യത്തിൽ പൊന്നാനി കോൾനിലയങ്ങളുടെ സംരക്ഷണത്തിനുവേണ്ടി മറ്റൊരു പ്രോജക്ടും നബാർഡിന് സമർപ്പിച്ചിട്ടുണ്ട്. പാലക്കാട് നെൽക്കൃഷി വികസന ഏജൻസികളുടെ കീഴിൽ പാലക്കാട്ടെ നെൽക്കൃഷിയിടങ്ങൾ സംരക്ഷിക്കാൻവേണ്ടി മറ്റൊരു പ്രോജക്ട് നബാർഡിന്

LIBRARY ARCHIVES Kerala Legislative Assembly

സമർപ്പിച്ചിട്ടുണ്ട്. കുട്ടനാട് വികസന ഏജൻസി ഒരു പ്രോജക്ട് നടപ്പിലാക്കിയതാണ്. സെക്കന്റ് ഫേസിന് വേണ്ടി ഒരു പ്രോജക്ട് തയ്യാറാക്കി വരുകയാണ്. തൃശ്ശൂർ കോൾ നിലങ്ങളിൽ ഒരു പ്രോജക്ട് നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ഇതിന്റെയൊക്കെ ഫലമായി നെല്ലിന്റെ ഉൽപ്പാദന ക്ഷമത സാവധാനം വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. കർഷകത്തൊഴിലാളികൾക്ക് തൊഴിലവസരങ്ങൾ പ്രദാനം ചെയ്യുന്നത് നെൽക്കൃഷി മേഖലയാണ്. അവിടെ യന്ത്രവൽക്കരണം കൊണ്ടുവരാൻ പോകുന്നത് തൃശ്ശൂർ ജില്ലയിൽ എളുപ്പമാണ്. എന്നാൽ ആലപ്പുഴ ജില്ലയിൽ കുട്ടനാട് പോലെയുള്ള പ്രദേശങ്ങളിൽ അത് പ്രയാസമാണ്. കൊയ്ത്തുമെതി യന്ത്രം വേണം. ഈ കാര്യങ്ങൾ കർഷകത്തൊഴിലാളികളുടെ സംഘടനാ നേതാക്കന്മാരും കർഷക സംഘങ്ങളുടെ നേതാക്കന്മാരും ഗവൺമെന്റും ഇരുന്ന് ചർച്ച ചെയ്ത് സൗമ്യമായ രീതിയിൽ പരിഹാരം കണ്ടെത്താനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കും.

മി. സ്പീക്കർ : ചോദ്യം 62-ഉം 67-ഉം ഒരുമിച്ചെടുക്കാം.

**പുതിയ മദ്യനയം**

3 (* 62) ശ്രീ. എളമരം കരീം :
ശ്രീ. ടി. കെ. നൗഷാദ് :
ശ്രീ. എം. പി. വർഗ്ഗീസ് :
ശ്രീ. എം. എ. തോമസ് :
ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാർ പുതിയ മദ്യനയം പ്രഖ്യാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

(ബി) ഇതിനായി എന്തെങ്കിലും റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ;എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(സി) മദ്യം ഉൽപ്പാദിപ്പിക്കുന്നതിലും ശേഖരിക്കുന്നതിലും വിൽക്കുന്നതിലും എന്തൊക്കെ ക്രമീകരണങ്ങളാണ് വരുത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ഡി) മദ്യ തൊഴിലാളികളുടെ സഹകരണ സംഘങ്ങൾക്ക് കള്ള് ഷാപ്പുകൾ നടത്തുന്നതിനുള്ള സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

(ഇ) വിദേശ മദ്യ വിൽപനയുടെ ചുമതല പൊതുമേഖലാ ഏജൻസിയെ ഏൽപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) :

(എ-ഇ) ഉണ്ട്. വിശദാംശങ്ങൾക്ക് അന്തിമരൂപം നൽകിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly